# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 46 09/06/2014 ൽ മറുപടിക്ക്

## സംസ്ഥാന കേഡറിലെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. ഉദ്യോഗസ്ഥർ

**ചോദ്യം** **ഉത്തരം**

| | ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാന കേഡറിൽ എത്ര ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ് ഉദ്യോഗസ്ഥർ നിലവിലുണ്ട്. | എ) | നിലവിൽ സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഉദ്യോഗസ്ഥരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.<br>ഐ.എ.എസ് - 153<br>ഐ.പി.എസ് - 124<br>ഐ.എഫ്.എസ് - 75<br>അഖിലേന്ത്യാ സർവീസിൽ ഐ.ആർ.എസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്നില്ല. |
| ബി) | ഇവരിൽ എത്രപേർ സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിൽ പ്രവർത്തിക്കുന്നുവെന്നും, ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്തിനകത്തു പ്രവർത്തിക്കുന്നവർ എത്ര പേർ എന്നും, കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർ എത്ര പേർ എന്നും തരംതിരിച്ച് വ്യക്തമാക്കുമോ ; | ബി) | **<u>ഐ.എ.എസ്</u>**<br>സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർ - 90<br>സംസ്ഥാനത്തിനകത്ത് ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 8<br>കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 45<br>**<u>ഐ.പി.എസ്</u>**<br>സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർ - 82<br>സംസ്ഥാനത്തിനകത്ത് ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 5<br>കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 31<br>**<u>ഐ.എഫ്.എസ്</u>**<br>സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിൽ പ്രവർത്തിക്കുന്നവർ - 52<br>സംസ്ഥാനത്തിനകത്ത് ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 4<br>കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നവർ - 15 |

| | | | |
|---|---|---|---|
| സി) | ഇവരിൽ വിവിധ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഏതെല്ലാം കേസുകൾ സംബന്ധിച്ച് അന്വേഷണങ്ങളാണ് ഇവർ നേരിടുന്നതെന്നും വ്യക്തമാക്കുമോ ; | സി) | വിവിധ അന്വേഷണം നേരിടുന്ന ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഏതെല്ലാം അന്വേഷണങ്ങളാണ് ഇവർ നേരിടുന്നതെന്നും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) | ഇവരിൽ ഇപ്പോൾ സസ്പെൻഷൻ, അവധി, പോസ്റ്റിംഗ് ലഭിക്കാതെ കഴിയുന്നവർ ആരെല്ലാം; വ്യക്തമാക്കുമോ ; | ഡി) | **<u>ഐ.എ.എസ്</u>**<br>ആരും സസ്പെൻഷനിൽ തുടരുന്നില്ല.<br>ദീർഘകാലാവധിയിൽ - ശ്രീ. ഡബ്ള്യൂ.ആർ.റെഡ്ഡി.ഐ.എ.എസ് (കെ.എൽ 1986)<br>ആർക്കും പോസ്റ്റിംഗ് നൽകുവാനില്ല.<br>**<u>ഐ.പി.എസ്</u>**<br>ആരും സസ്പെൻഷനിൽ തുടരുന്നില്ല.<br>ദീർഘകാലാവധിയിൽ - ആരും തുടരുന്നില്ല.<br>പോസ്റ്റിംഗ് ലഭിക്കാതെയുള്ളത് - ശ്രീ.ജേക്കബ് ജോബ് ഐ.പി.എസ് മാത്രം<br>**<u>ഐ.എഫ്.എസ്.</u>**<br>ആരും സസ്പെൻഷനിൽ തുടരുന്നില്ല.<br>ദീർഘകാലാവധിയിൽ - ശ്രീ.ഗംഗാസിംഗ് ഐ.എഫ്.എസ് പഠനാവധിയിൽ,/<br>ആർക്കും പോസ്റ്റിംഗ് നൽകുവാനില്ല. |
| ഇ) | സംസ്ഥാന സർവ്വീസിന്റെ കൃത്യമായിട്ടുള്ള നടത്തിപ്പിന് ആവശ്യമായ ഉദ്യോഗസ്ഥർ എത്ര എന്നും ഇവരിൽ എത്ര ഉദ്യോഗസ്ഥരുടെ കുറവാണ് സംസ്ഥാനത്തുള്ളതെന്നും, വന്നിട്ടുള്ള കുറവ് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ? | ഇ) | **<u>ഐ.എ.എസ്</u>**<br>സംസ്ഥാന സർവ്വീസിൽ 126 സീനിയർ ഡ്യൂട്ടി പോസ്റ്റുകളാണ് ഉള്ളത്. ഇപ്പോൾ സംസ്ഥാനത്ത് 98 ഐ.എ.എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ കാലാവധി പൂർത്തിയാക്കിയ ഐ.എ.എസ്. ഉദ്യോഗ-സ്ഥരെ തിരിച്ചു വിളിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്<br>**<u>ഐ.പി.എസ്</u>**<br>സംസ്ഥാന സർവ്വീസിന്റെ കൃത്യമായുള്ള നടത്തിപ്പിന് 89 ഐ.പി.എസ് ഉദ്യോഗസ്ഥരാണ് ആവശ്യമായിട്ടുള്ളത്. ഇപ്പോൾ സംസ്ഥാനത്ത് 87 ഐ.പി.എസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്. ഐ.പി.എസ്. കേഡറിൽ ഐ.ജി/ഡി.ഐ.ജി ഗ്രേഡിലാണ് ഉദ്യോഗസ്ഥരുടെ കുറവ് |

| | | | |
|---|---|---|---|
| | | | അനുഭവപ്പെടുന്നത്.<br>**<u>ഐ.എഫ്.എസ്.</u>**<br>കേഡറിൽ സംസ്ഥാനത്തിന് അനുവദനീയമായ സീനിയർ ഡ്യൂട്ടി പോസ്റ്റുകളുടെ എണ്ണം 63 ആണ്. ഇപ്പോൾ കേരളത്തിൽ 56 ഐ.എഫ്.എസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഡെപ്യൂട്ടേഷനിൽ കാലാവധി പൂർത്തിയാക്കിയ ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക സാഹചര്യങ്ങളിൽ അല്ലാതെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം / കേസുകൾ സംബന്ധിച്ച വിവരം താഴെചേർക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | VE/VC No. | വിഷയം |
|---|---|---|---|
| 1 | ശ്രീ.ശശിധർ ശ്രീനിവാസ് ഐ.എ.എസ് | VE 22/2004/EKM | 2003 ഫെബ്രുവരിയിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിലവിലുള്ള മാർക്കറ്റ് വിലയിൽ നിന്നും ഉയർന്ന വിലയ്ക്ക് വിവിധ സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് |
| 2 | ശ്രീ. അനിൽ. എക്സ് ഐ.എ.എസ് | 1) VE 08/2008/SIU | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 5 കോടി രൂപയുടെ ലോൺ നിയമവിരുദ്ധമായി കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് ബാങ്കിന് അനുവദിച്ചത് സംബന്ധിച്ച് |
| | | 2) VC 01/2012/SIU-1 | മൂന്നാറിലെ ഹോട്ടൽ പ്രോജക്ട് ആയ M/s. ജെ.ജെ.ഹോളിഡെ റിസോർട്ട്സ് ലിമിറ്റഡിന് 100 ലക്ഷം രൂപയുടെയും 240 ലക്ഷം രൂപയുടെയും ലോൺ അനുവദിച്ചത് സംബന്ധിച്ച് |
| 3 | ശ്രീ. ജിജി തോംസൺ ഐ.എ.എസ് | VC 1/97/SCT | പാമോയിലിൻ ഇറക്കുമതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് |
| 4 | ശ്രീ.വി.വേണു ഐ.എ.എസ് | VC 07/2012/TSR | കൊച്ചിൻ ദേവസ്വം ബോർഡിന്റെ പട്ടിത്താനം ഷോപ്പിംഗ് കോംപ്ലക്സിൽ 14000 സ്ക്വയർ ഫീറ്റ് ബിൽഡിംഗ് സ്പേസ് കുറഞ്ഞ വാടകയിൽ നിയമവിരുദ്ധമായി നൽകിയതുമായി ബന്ധപ്പെട്ട് |
| 5 | ശ്രീ.എ.റ്റി.ജെയിംസ് ഐ.എ.എസ് | VC 06/2012/EKM | ഗവൺമെന്റിന്റെ മുൻകൂർ അനുമതി ഇല്ലാതെയും ഗവൺമെന്റിന് നഷ്ടം വരുത്തിക്കൊണ്ടും 1850 മെട്രിക് ടൺ യൂറിയ കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് |
| 6 | ശ്രീ. പി.വേണുഗോപാൽ ഐ.എ.എസ് | 1) VC 03/2013/KKD | കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സർക്കാർ അനുമതിയില്ലാതെ ഖര മാലിന്യ മാനേജ്മെന്റിനായി സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് വൻതോതിൽ ഫണ്ട് അനുവദിച്ചതും കോർപ്പറേഷന് നഷ്ടം ഉണ്ടാകുന്ന തരത്തിൽ കമ്പോസ്റ്റ് M/s.IF&FS ന് വിൽക്കുകയും ചെയ്തത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | 2) VC 07/2013/KKD | 2005-10 കാലയളവിൽ കോഴിക്കോട് കോർപ്പറേഷനിൽ ദുരിതാശ്വാസ നിധി ഉപയോഗിച്ചതിൽ സർക്കാരിന് നഷ്ടം വന്നത് - ക്രമക്കേടുകൾ സംബന്ധിച്ച് |
| | | 3) VC 11/2013/KKD | കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി എന്ന ഔദ്യോഗിക സ്ഥാനം ദുരുപയോഗം ചെയ്തത് സംബന്ധിച്ച് |

## ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടികൾ സംബന്ധിച്ച വിവരങ്ങൾ

| ഉദ്യോഗസ്ഥന്റെ പേര് | വിഷയം |
|---|---|
| ഡോ.ബി. അശോക് ഐ.എ.എസ് | എ.ഐ.എസ് (കോൺടക്റ്റ്) റൂൾസ് ലംഘനം സംബന്ധിച്ച് രണ്ട് അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട്.ഉദ്യോഗസ്ഥൻ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം തുടർ നടപടികൾ നിർത്തിവെച്ചിരിക്കുകയുമാണ്. |
| ശ്രീ.റ്റി.ഭാസ്കരൻ ഐ.എ.എസ് | വയനാട് ജോലി തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി തുടർന്ന് വരുന്നു. |
| ശ്രീ.ജോസ് ഐസക്ക്.ഐ.എ.എസ് | പനമരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ വനിതകൾക്കായുള്ള വ്യവസായ യൂണിറ്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടം നിർമ്മിച്ചതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച കേസിൽ വിജിലൻസിന്റെ ശുപാർശ പ്രകാരം അച്ചടക്കനടപടി തുടങ്ങിയിട്ടുണ്ട്. |

# ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം / കേസുകൾ സംബന്ധിച്ച വിവരം താഴെചേർക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | കേസുകൾ / അന്വേഷണം സംബന്ധിച്ച വിവരം |
|---|---|---|
| 1 | ശ്രീ.ബി.എസ്.മുഹമ്മദ് യാസിൻ | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സി.ബി.ഐ റിപ്പോർട്ടിലെ ശുപാർശ പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. ഈ കേസിൽ CBI അന്വേഷണം നടക്കുന്നുണ്ട്. |
| 2 | ശ്രീ.ടോമിൻ.ജെ.തച്ചങ്കരി | വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് (VC 03/07/SCE) നിലവിലുണ്ട്. |
| 3 | ശ്രീ.എസ്.ശ്രീജിത്ത് | വിവിധ ജില്ലകളിൽ പോലീസ് സൂപ്രണ്ട്, പോലീസ് കമ്മീഷണർ തസ്തികകളിലിരുന്നപ്പോൾ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ട്. (VC 06/10/SIU).<br>കെ.എ.റൗഫ് എന്ന വ്യക്തിയുമായി എസ്.ശ്രീജിത്ത് IPS നുള്ള ബന്ധവും അതു സംബന്ധിച്ച ആരോപണങ്ങളിൻമേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടി ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി അഖിലേന്ത്യാ സർവ്വീസ് ചട്ടപ്രകാരം അന്വേഷണം നടന്നുവരികയുമാണ്.<br>ടൈറ്റസ് മേയൻ എന്ന വ്യക്തിയെ കുവൈറ്റിലെ ജയിലിൽ അടയ്ക്കുന്നതിൽ ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസിന് പങ്കുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. |
| 4 | ശ്രീ.വിജയ് എസ്. സാഖറെ | സമ്പത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സി.ബി.ഐ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു. ഈ കേസിൽ CBI അന്വേഷണം നടക്കുകയാണ്. |
| 5 | ശ്രീ.ജി.ലക്ഷ്മൺ | എസ്.എ.പി. കമാണ്ടന്റ് ആയിരുന്ന കാലയളവിൽ സർക്കാർ ഫണ്ടും സ്വകാര്യ ഫണ്ടും ദുർവിനിയോഗം ചെയ്തിട്ടുണ്ട് എന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. |
| 6 | ശ്രീ. കെ.ബി. ബാലചന്ദ്രൻ | സർക്കാരിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വസ്തു വാങ്ങിച്ചതുമായി ബന്ധപ്പെട്ടും, സ്പെഷ്യൽ ബ്രാഞ്ച് എസ്.പി. ആയിരുന്ന സമയത്ത് ചെന്നൈയിൽ പ്രവർത്തിക്കുന്ന ഓട്ടോ ഫൈനാൻസിംഗ് കമ്പനികളുമായിട്ടുള്ള ഇടപാടുമായി ബന്ധപ്പെട്ടും വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.<br>(VE 7/12/SRT)<br>കൊല്ലം റൂറൽ പോലീസ് സൂപ്രണ്ട് തസ്തികയിലായിരുന്നപ്പോഴുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.<br>(VE 12/12/SRT) |
| 7 | ശ്രീ. എസ്.സുരേന്ദ്രൻ | ഹരിനായർ എന്ന വ്യക്തിക്ക് 5 ലക്ഷം രൂപ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാതിക്കാരനെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.<br>(VE 7/13/KSD) |

## ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടികൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | കേസുകൾ / അന്വേഷണം സംബന്ധിച്ച വിവരം |
|---|---|---|
| 1 | ശ്രീ.മുഹമ്മദ് നൗഷാദ് | മൂന്നാർ ഡിവിഷനിൽ ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ 30.08.1995, 28.02.1996 എന്നീ തീയതികളിൽ മറയൂർ ചന്ദന ഡിപ്പോയിൽ നടന്ന ചന്ദനതടി ലേലത്തിൽ ആദായനികുതി ഈടാക്കാതെ ഇളവ് നൽകി ലേലം നടത്തിയതിനും അനധികൃതമായി ബാങ്ക് ഗ്യാരന്റി അനുവദിച്ച് നൽകി സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തിയ കാരണത്താലും അദ്ദേഹത്തിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു. |
| 2 | ശ്രീ. മെഹർ സിംഗ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന കാലയളവിൽ വനം കയ്യേറ്റങ്ങൾ ഫലപ്രദമായി തടയാൻ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി പേഴ്സണൽ ഡിജിറ്റൽ സഹായി ഒന്നിന് 20,000/- രൂപ നിരക്കിൽ 200 എണ്ണം വാങ്ങുന്നതിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ അതിന്റെ 175 ശതമാനം അധിക നിരക്കിൽ വെറും 35 ഉപകരണങ്ങൾ മാത്രം വാങ്ങുന്നതിനായി സർക്കാർ അംഗീകാരമില്ലാതെ 43 ലക്ഷം രൂപ പാഴ്ചെലവ് വരുത്തിയതിന് ശ്രീ. മെഹർ സിംഗിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. |

## വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | ശ്രീ. അമിത് മല്ലിക്ക് ഐ.എഫ്.എസ് | ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയും കുറ്റകരമായ നടപടികളിലൂടെ 26,13,027/- രൂപയുടെ സർക്കാർ ധനം ദുർവിനിയോഗം ചെയ്യുന്നതും സംബന്ധിച്ച് ശ്രീ.അമിത് മല്ലിക്ക് ഐ.എഫ്.എസിനെതിരെ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. |
| 2 | ശ്രീ. ഗോപാലകൃഷ്ണൻ ഐ.എഫ്.എസ് | ശ്രീ.ഗോപാലകൃഷ്ണൻ ഐ.എഫ്.എസ്. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നേരിടുന്നത്. |
| 3 | ശ്രീ.കെ.ജി. മോഹൻലാൽ ഐ.എഫ്.എസ് | കെ.റ്റി.ഡി.സിയിലെ അനധികൃത നിയമനം, ഔദ്യോഗിക പദവി ദുർവിനിയോഗം, AC Innova Car വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതി എന്നിവയാണ് ശ്രീ.കെ.ജി.മോഹൻലാലിനെതിരെയുള്ള ആരോപണങ്ങൾ. |

സെക്ഷൻ ഓഫീസർ